LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10-8-1987-ൽ

(ബി) കരാർ വ്യവസ്ഥകൾ ലഭ്യമല്ല.

(സി-ഇ) കോഴിക്കോട് ജില്ലാ കളക്ടറുടെ 24-3-2003-ലെ എൽ 10-30093/02 നമ്പർ ഉത്തരവ് പ്രകാരം ചക്കിട്ടപ്പാറ വില്ലേജിലെ സർവ്വേ നമ്പർ 2/1-ൽപ്പെട്ട 50 സെന്റ് ഭൂമി പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമല്ലാത്തതിനാൽ ചക്കിട്ടപ്പാറ വില്ലേജിലെ കുറ്റിയാടി ജലസേചന പദ്ധതി വക അൺസർവ്വേ എൻ.എഫ്.ആർ.2/2-ൽപ്പെട്ട 50 സെന്റ് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

**തെരഞ്ഞെടുപ്പ് കാലത്ത് രേഖകൾ ഇല്ലാതെ പണം കടത്തിയ കേസ്സുകൾ**

220 (3042) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുകാലത്ത് സംസ്ഥാനത്ത് മതിയായ രേഖകൾ ഇല്ലാതെ പണം കടത്തിയതുമായി ബന്ധപ്പെട്ട അൻപതോളം കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എടുത്ത കേസ്സുകളിൽ ഇപ്പോഴും അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തവ എത്ര ?

ഉത്തരം

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പുകാലത്ത് സംസ്ഥാനത്ത് മതിയായ രേഖകൾ ഇല്ലാതെ പണം കടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 9 (തൃശ്ശൂർ റൂറൽ-8, മലപ്പുറം-1 ) കേസ്സുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ബി) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എടുത്ത കേസ്സുകളിലെല്ലാം അന്വേഷണം പൂർത്തിയായിട്ടുണ്ട്.

**ടെലിഫോണുകളുടെ നിരീക്ഷണം**

221 (3043) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :